No. CEE/4050/2016/KEAM-2017/TA1

കേരള സർക്കാർ

**പ്രവേശന പരീക്ഷാ കമ്മീഷണറുടെ കാര്യാലയം**

ഹൗസിംഗ് ബോർഡ് ബിൽഡിംഗ്, ശാന്തി നഗർ, തിരുവനന്തപുരം - 695 001

# പത്രക്കുറിപ്പ്

# ബി.ഡി.എസ് പ്രവേശനം–2017

ബി.ഡി.എസ് കോഴ്സിൽ ഒഴിവുണ്ടായിരുന്ന സീറ്റുകൾ നികത്തുന്നതിനുള്ള സ്പോട്ട് അഡ്മിഷന്റെ ഒന്നാം ഘട്ടം 03.09.2017 ന് പൂർത്തിയായി. സർക്കാർ/സർക്കാർ നിയന്ത്രിത സ്വാശ്രയ/സ്വകാര്യ സ്വാശ്രയ ഡെന്റൽ കോളേജുകളിലെ മുഴുവൻ മെറിറ്റ്/മൈനോറിറ്റി ക്വാട്ടാ സീറ്റുകളും സ്പോട്ട് അഡ്മിഷനിൽ നികത്തിയിട്ടുണ്ട്. പരിയാരം ഡെന്റൽ കോളേജ്, കണ്ണൂർ, അസീസിയ ഡെന്റൽ കോളേജ്, കൊല്ലം, ശ്രീ ശങ്കരാ ഡെന്റൽ കോളേജ്, വർക്കല, പുഷ്പഗിരി ഡെന്റൽ കോളേജ്, തിരുവല്ല എന്നീ സ്വാശ്രയ ഡെന്റൽ കോളേജുകളിലായി ആകെ 26 എൻ.ആർ.ഐ സീറ്റുകൾ നിലവിൽ ഒഴിവുണ്ട്. ഈ സീറ്റുകളഴ് നികത്തുന്നതിനായി ഒരു സ്പോട്ട് അഡ്മിഷൻ **2017 സെപ്റ്റംബർ 8–ാം തീയതി (വെള്ളിയാഴ്ച) രാവിലെ 10 മണിയ്ക്ക് തിരുവനന്തപുരം ശാന്തി നഗർ, ഹൗസിംഗ് ബോർഡ് ബിൽഡിംഗിംഗിലുള്ള പ്രവേശന പരീക്ഷാ കമ്മീഷണറുടെ ഓഫീസിൽ** വച്ച് നടത്തുന്നതാണ്. പ്രവേശന പരീക്ഷാ കമ്മീഷണർ പ്രസിദ്ധീകരിച്ചിട്ടുള്ള മെഡിക്കൽ റാങ്ക് ലിസ്റ്റിന്റെ അടിസ്ഥാനത്തിൽ നടത്തുന്ന പ്രസ്തുത സ്പോട്ട് അഡ്മിഷനിൽ പ്രവേശന പരീക്ഷാ കമ്മീഷണർ പ്രസിദ്ധീകരിച്ചിട്ടുള്ള എൻ.ആർ.ഐ കാറ്റഗറി ലിസ്റ്റിലുള്ളവരുടെ അഭാവത്തിൽ എൻ.ആർ.ഐ യോഗ്യതകൾ തെളിയിക്കുന്ന രേഖകൾ കൈവശമുള്ളവരെയും പരിഗണിക്കുന്നതാണ്. എൻ.ആർ.ഐ സീറ്റുകളിൽ ആവശ്യക്കാർ ഇല്ലാതെവന്നാൽ അവ സ്റ്റേറ്റ് മെറിറ്റ് സീറ്റുകളായി മാറ്റി അലോട്ട്മെന്റ് നടത്തുന്നതാണ്.

നിലവിൽ എം.ബി.ബി.എസ്/ബി.ഡി.എസ് കോഴ്സുകളിൽ പ്രവേശനം നേടിയിരിക്കുന്ന വരെ ഈ സ്പോട്ട് അഡ്മിഷനിൽ പങ്കെടുപ്പിക്കുന്നതല്ല. റ്റി.സി യും വിദ്യാഭ്യാസ യോഗ്യതകൾ തെളിയിക്കുന്ന അസ്സൽ രേഖകളും നിശ്ചിത ഫീസ് തുകയ്ക്കുള്ള ഡിമാന്റ് ഡ്രാഫ്റ്റും ഹാജരാക്കുന്നവരെ മാത്രമേ സ്പോട്ട് അഡ്മിഷനിൽ പങ്കെടുപ്പിക്കുകയുള്ളൂ. വിദ്യാർത്ഥികൾ വിജ്ഞാപനങ്ങൾക്കും, പത്രക്കുറിപ്പുകൾക്കുമായി പ്രവേശന പരീക്ഷാ കമ്മീഷണറുടെ **www.cee.kerala.gov.in**, **www.cee-kerala.org** എന്നീ വെബ്സൈറ്റുകൾ ദിവസേന സന്ദർശിക്കേണ്ടതാണ്.

തിരുവനന്തപുരം
03.09.2017

**പ്രവേശന പരീക്ഷാ കമ്മീഷണർ**